# Athmaraksha.org

നമ്മുടെ അവസാന നാളുകൾ

## നമ്മുടെ അവസാന നാളിനെപറ്റി ചിന്തിക്കുന്നുണ്ടോ?




കർത്താവേ, അവസാനമെന്തെന്നും എന്റെ ആയുസ്സിന്റെ ദൈർഘ്യം എത്രയെന്നും എന്നെ അറിയിക്കണമേ! എന്റെ ജീവിതം എത്ര ക്ഷണികമാണെന്ന ഞാനറിയട്ടെ! ഇതാ, അവിടുന്ന് എന്റെ ദിവസങ്ങൾ ഏതാനും അംഗുലം മാത്രമാക്കിയിരിക്കുന്നു; എന്റെ ജീവിതകാലം അങ്ങയുടെ ദൃഷ്ടിയിൽ ശൂന്യപ്രായമായിരിക്കുന്നു. മനുഷ്യൻ ഒരു നിശ്വാസം മാത്രം! മനുഷ്യൻ നിഴൽ മാത്രമാണ്,അവന്റെ ബദ്ധപ്പാടു വെറുതെയാണ്, മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്നു; ആരനുഭവിക്കുമെന്ന് അവൻ അറിയുന്നില്ല. കർത്താവേ, ഞാൻ എന്താണു കാത്തിരിക്കേണ്ടത്? എന്റെ പ്രത്യാശ അങ്ങയിലാണല്ലോ. എന്റെ എല്ലാ അതിക്രമങ്ങളിലും നിന്ന് എന്നെ മോചിപ്പിക്കണമേ! എന്നെ ഭോഷന്റെ നിന്ദയ്ക്കു പാത്രമാക്കരുതേ! (സങ്കീർത്തനങ്ങൾ 39:4-8)

ദൈവത്തെക്കുറിച്ച് അജ്ഞത പുലർത്തുന്നവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും എതിരായി പ്രതികാരം ചെയ്യും. അവർ കർത്താവിന്റെ സന്നിധിയിൽനിന്നും അവന്റെ ശക്തിയുടെ മഹത്വത്തിൽനിന്നും തിരസ്കരിക്കപ്പെട്ട് നിത്യനാശം ശിക്ഷയായനുഭവിക്കും (2 തെസലോനിക്കാ 1:8-9).

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്. ഇവർ നിത്യശിക്ഷയിലേക്കും നീതിമാൻമാർ നിത്യജീവനിലേക്കും പ്രവേശിക്കും (മത്തായി 25:45-46).

നീതിമാൻ കഷ്ടിച്ചു മാത്രമേ രക്ഷപെടുന്നുള്ളുവെങ്കിൽ ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും? (സുഭാഷിതങ്ങൾ 11:31).
അതിനാൽ, തിരഞ്ഞെടുക്കപ്പെട്ടവർ യേശുക്രിസ്തുവിൽ ശാശ്വതവും മഹത്വപൂർണ്ണവുമായ രക്ഷ നേടുന്നതിനുവേണ്ടി ഞാൻ എല്ലാം സഹിക്കുന്നു (2 തിമോത്തേയോസ് 2:10)

നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്നാണു നിന്നെക്കുറിച്ചു പറയുന്നത്; പക്ഷേ, നീ മൃതനാണ്. ഉണരുക, നിന്നിൽ ആസന്നമരണമായി അവശേഷിക്കുന്നതിനെ ഉത്തേജിപ്പിക്കുക. എന്തെന്നാൽ, എന്റെ ദൈവത്തിന്റെ മുമ്പിൽ നിന്റെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി

ഞാൻ കാണുന്നില്ല. അതുകൊണ്ടു നീ സ്വീകരിച്ചതും കേട്ടതും എന്തെന്നനുസ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യുക. നീ ഉണരുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു സമയത്താണു ഞാൻ നിന്നെ പിടികൂടുകയെന്നു നീ അറിയുകയില്ല (വെളിപാട് 3:1-3)

എന്നാൽ, നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻവഴി മരണം ഉണ്ടായതുപോലെ ഒരു മനുഷ്യൻവഴി പുനരുത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും (1 കോറിന്തോസ് 15:20-22). ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും (1 കോറിന്തോസ് 11:29).

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു (യോഹന്നാൻ 5:24). അപ്പോൾ നൻമ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിൻമ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും (യോഹ 5:29). എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും (യോഹ 6:54).